## അന്വേഷണം നടത്താതെ തൊഴിലാളിയെ പിരിച്ചുവിട്ടത് തെറ്റായ നടപടി: തൊഴിലാളി വസ്തുതകൾ മറച്ചുവച്ചതിനാൽ തിരിച്ചെടുക്കേണ്ട

### മദ്രാസ് ഹൈക്കോടതി

W.P. No. 33918/2013 Dt. 26.8.2019

കാർബൊറാണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്

x

ലേബർ കോർട്ട്

കമ്പനിയിൽ താൽക്കാലിക ജീവനക്കാരനായി 1980–ലാണ് തൊഴിലാളി ജോലിയിൽ പ്രവേശിച്ചത്. 1983–ൽ മേനേജ്മെന്റ് അയാളെ സ്ഥിരപ്പെടുത്തി. പന്ത്രണ്ട് വർഷം കഴിഞ്ഞപ്പോൾ മേനേജ്മെന്റ് അയാളെ മറ്റൊരിടത്തേക്ക് സ്ഥലംമാറ്റി. സ്ഥലംമാറ്റ ഉത്തരവ് കൈപ്പറ്റിയ തൊഴിലാളി യാത്രച്ചെലവിലേക്കും മറ്റുമായി അയ്യായിരം രൂപ മേനേജരിൽ നിന്ന് മുൻകൂറായി വാങ്ങി, എന്നാൽ അയാൾ ഒരിക്കലും പുതിയ സ്ഥലത്ത് ചുമതല ഏറ്റെടുത്തില്ല. രണ്ട് മാസം കഴിഞ്ഞപ്പോൾ മേനേജ്മെന്റ് അയാൾക്ക് മുന്നറിയിപ്പ് നല്കി. പുതിയ സ്ഥലത്ത് ഉടനടി ചുമതലയേറ്റെടുക്കണമെന്നും അല്ലെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കുമെന്നാണ് മേനേജ്മെന്റ് അയാളെ അറിയിച്ചത്. കത്ത് കൈപ്പറ്റിയ അയാൾ ഒരു മാസത്തെ സാവകാശം ആവശ്യപ്പെട്ടു. മേനേജ്മെന്റ് അത് അനുവദിക്കുകയും ചെയ്തു. പിന്നീട് ജോലി സ്ഥലത്ത് ഹാജരായ അയാൾ തന്റെ സ്ഥലംമാറ്റ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു. അത് മേനേജ്മെന്റ് നിരസിക്കുകയും ഉടനടി പുതിയ സ്ഥലത്ത് ജോലിക്ക് ഹാജരായില്ലെങ്കിൽ ജോലിയിൽ നിന്ന് പിരിച്ചുവിടുമെന്ന് അയാളെ രേഖാമൂലം അറിയിക്കുകയും ചെയ്തു. മൂന്നാഴ്ച കഴിഞ്ഞപ്പോൾ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ തൊഴിലാളി ഉന്നയിച്ച വ്യവസായ തർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. അന്വേഷണം നടത്താതെയാണ് തൊഴിലാളിയെ പിരിച്ചുവിട്ടതെന്ന വസ്തുത കണക്കിലെടുത്ത ലേബർ കോടതി തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കുകയും 25% മുൻകാല വേതനത്തോടെ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ജോലിയിൽ നിന്ന് പിരിച്ചുവിട്ടതിനു ശേഷം ഏഴ് വർഷം കഴിഞ്ഞപ്പോൾ തൊഴിലാളി 'അൻഫാട്ടെക് എഞ്ചിനീയറിങ് ഇൻഡസ്ട്രീസ്' എന്ന പേരിൽ സ്വന്തമായി വ്യവസായ സ്ഥാപനം നടത്തി വരുമാനമുണ്ടാക്കുകയാണെന്ന് ബോധിപ്പിച്ച മേനേജ്മെന്റ് അതിന് രേഖാമൂലം തെളിവും ഹാജരാക്കി. ഗത്യന്തരമില്ലാതെ തൊഴിലാളി അത് സമ്മതിക്കുകയും തന്നെ തിരിച്ചെടുക്കേണ്ടതില്ലെന്നും ഏഴ് വർഷത്തെ മുൻകാല വേതനമായി നാല് ലക്ഷം രൂപ നഷ്ടപരിഹാരമായി നല്കിയാൽ മതിയെന്നും ഹൈക്കോടതിയിൽ ബോധിപ്പിച്ചു. വസ്തുതകൾ മറച്ചുവെച്ച് കോടതിയെ കബളിപ്പിച്ചതിനാൽ 12.5% മുൻകാല വേതനത്തിനു മാത്രമേ അർഹതയുള്ളൂവെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അതനുസരിച്ച് തൊഴിലാളിക്കു നല്കേണ്ട അമ്പതിനായിരം രൂപ മേനേജ്മെന്റ് തൊഴിലാളിക്ക് നല്കേണ്ടെന്നും താക്കർ ബാപ്പ വിദ്യാലയ എന്ന സ്ഥാപനത്തിന് നല്കിയാൽ മതിയെന്നും നിർദ്ദേശിച്ച ഹൈക്കോടതി മേനേജ്മെന്റിന്റെ റിട്ട് ഹർജി ഭാഗികമായി അനുവദിച്ചു.